**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1922** **29-09-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി ഡ്രൈവിംഗ് സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | അരുവിക്കര മണ്ഡലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള വിതുര കെ.എസ്.ആർ.ടി.സി ഡ്രൈവിംഗ് സ്കൂളിന്റെ നാളിതുവരെയുള്ള പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ നൽകുമോ; | (എ) | അരുവിക്കര മണ്ഡലത്തിൽ വിതുര കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളിന്റെ പ്രവർത്തനം 2025 ഫെബ്രുവരി 2-നാണ് ആരംഭിച്ചത്. നാളിതുവരെ 376 വിദ്യാർഥികൾ അഡ്മിഷൻ എടുത്തു. പരിശീലനം പൂർത്തിയാക്കിയവരിൽ 73 പേർ ലൈസൻസ് നേടുകയുണ്ടായി. 179 പേർ കൂടുതൽ പരിശീലനത്തിനായി മാത്രം വന്നവരാണ്. ആകെ ഫീസിനത്തിൽ 20,16,440/- രൂപ വരുമാനമായി ലഭിക്കുകയും ചെയ്തു. എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ ചെലവഴിച്ച് ഡ്രൈവിംഗ് സ്കൂളിന് പുതിയ കെട്ടിടം പണിയുന്നതിനുള്ള ടെൻഡർ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പുതിയതായി അരുവിക്കര മണ്ഡലത്തിലെ ഡിപ്പോകളിൽ നിന്നും ആരംഭിക്കാനുദ്ദേശിക്കുന്ന ബസ് സർവ്വീസുകളുടെ വിവരം ലഭ്യമാക്കുമോ; | (ബി) | <u>ആര്യനാട് യൂണിറ്റ്</u><br><br>ആര്യനാട് - കാട്ടാക്കട - തിരുവനന്തപുരം - ബീമാപള്ളി<br><br><u>വെള്ളനാട് യൂണിറ്റ്</u><br><br>വെള്ളനാട് - മണ്ണാറശ്ശാല<br><br><u>വിതുര യൂണിറ്റ്</u><br><br>വിതുര - തൊടുപുഴ |
| (സി) | പുതിയതായി തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കെ.എസ്.ആർ.ടി.സി ഡ്രൈവിംഗ് സ്കൂളുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ? | (സി) | നെടുമങ്ങാട്, പാപ്പനംകോട് സെൻട്രൽ വർക്സ് എന്നിവിടങ്ങളിലാണ് പുതിയതായി തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ